**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 709** 30-01-2024 - ൽ മറുപടിയ്ക്ക്

**ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ റദ്ദാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചട്ടലംഘനം നടന്നിട്ടുണ്ടെന്ന കാരണത്താൽ 2023-ൽ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ റദ്ദാക്കിയത് എത്ര ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ ആണ്; പ്രസ്തുത കരാറുകൾ പ്രകാരം സംസ്ഥാനത്തിന് എന്നു വരെ വൈദ്യുതി ലഭിക്കുമായിരുന്നു എന്ന് വ്യക്തമാക്കാമോ ; | (എ) | ചട്ടലംഘനം നടന്നിട്ടുണ്ടെന്ന കാരണത്താൽ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ റദ്ദാക്കിയിട്ടില്ല. എന്നാൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് വൈദ്യുതി ഉല്പാദകരുമായി ഒപ്പുവച്ച DBFOO പ്രകാരമുള്ള 4 വൈദ്യുതി വാങ്ങൽ കരാറുകൾക്ക് കമ്മീഷൻ 10.05.2023-ലെ ഉത്തരവിലൂടെ അന്തിമ അനുമതി നൽകാതിരിക്കുകയാണുണ്ടായത്. പ്രസ്തുത നാലു കരാറുകളിൽ, 115 മെഗാവാട്ട് വൈദ്യുതി 01.12.2016 മുതലും, 350 മെഗാവാട്ട് 01.10.2017 മുതലും വാങ്ങുന്നതിന് കമ്മീഷൻ താല്ക്കാലിക അനുമതി നൽകിയിരുന്നു. പ്രസ്തുത തീയതി മുതൽ 25 വർഷത്തേക്കാണ് കരാർ പ്രകാരം വൈദ്യുതി ലഭിക്കേണ്ടത്. |
| (ബി) | പ്രസ്തുത കരാറുകൾ തുടർന്നാൽ കെ.എസ്.ഇ.ബി.-ക്ക് നഷ്ടമുണ്ടാകുമെന്ന് കമ്മീഷൻ കണ്ടെത്തുകയുണ്ടായോ; എങ്കിൽ എത്ര രൂപയുടെ നഷ്ടമുണ്ടാകുമെന്നാണ് കമ്മീഷൻ കണക്കാക്കിയിരുന്നത്; | (ബി) | കെ.എസ്.ഇ.ബി.ലിമിറ്റഡ് വൈദ്യുതി ഉല്പാദന കമ്പനികളുമായി 2014-ൽ ഒപ്പുവച്ച വൈദ്യുതി വാങ്ങൽ കരാറുകളിലെ ഏറ്റവും കുറഞ്ഞ (എൽ 1) നിരക്കായ 3.60 രൂപ പ്രകാരം മറ്റ് കരാറുകളിൽ നിന്നും വൈദ്യുതി ലഭ്യമാക്കാൻ കെ.എസ്.ഇ.ബി.ലിമിറ്റഡിന് കഴിയാതിരുന്നതുമൂലം, 25 വർഷത്തേയ്ക്ക് 5926.75 കോടി രൂപയുടെ അധിക ബാധ്യത വരുന്നതായി കമ്മീഷൻ 10.05.2023-ലെ ഉത്തരവിൽ കണക്കാക്കിയിരുന്നു. |
| (സി) | പ്രസ്തുത കരാറുകൾ റദ്ദാക്കിയത് മൂലം ഇപ്പോൾ കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങുന്ന തരത്തിൽ കരാറുകൾ പുനഃസ്ഥാപിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;എങ്കിൽ ഇതുമൂലം നാളിതുവരെ കെ.എസ്.ഇ.ബി.-ക്ക് ആകെ ഉണ്ടായ നഷ്ടം എത്രയാണ്; | (സി) | നിലവിലുള്ള ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കുകയോ വീണ്ടും കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-15-ൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നല്കണമെന്ന KSEBL-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10.05.2023 ൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചരുന്നു.<br><br>കമ്മീഷന്റെ 10.05.2023- ലെ ഉത്തരവിന്റെ ഫലമായി സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് interim arrangement നടത്തുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഇ.ബി.എൽ കമ്മീഷനെ സമീപിക്കുകയും 75 ദിവസം വരെ സാവകാശം നൽകി 07.06.2023-ൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കരാറുകാരിൽ നിന്നും തുടർന്നും വൈദ്യുതി വാങ്ങുവാൻ കമ്മീഷൻ അനുവദിയ്ക്കുകയുണ്ടായി. ആയത് 31.12.2023 വരെ കമ്മീഷൻ ദീർഘിപ്പിച്ചു നൽകിയെങ്കിലും കരാർ പ്രകാരമുള്ള വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായില്ല. 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാർ പ്രകാരമുള്ള നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ കരാർ പ്രകാരം വൈദ്യുതി നൽകണമെന്ന് കെ.എസ്.ഇ.ബി ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടും ഇതുവരെ വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ 29.12.2023-ലെ ഉത്തരവിൽ നിർദേശിക്കപ്പെട്ടതു പോലെ തുടർന്നും വൈദ്യുതി നൽകുന്നതിനായി ലീഗൽ നോട്ടീസ് പ്രസ്തുത കമ്പനികൾക്ക് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.<br><br>കരാർ നിരക്കിൽ തന്നെ വൈദ്യുതി നൽകുവാൻ ഉത്പാദകർ തയ്യാറാകാത്തതിനാൽ കൂടിയ വിലക്ക് ഹ്രസ്വകാല കരാർ പ്രകാരം പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങിയ വകയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിനു ജൂൺ 2023 മുതൽ നവംബർ 2023 വരെ ഏകദേശം 209 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | ഈ കരാറുകൾ റദ്ദാക്കുന്നതിന് കെ.എസ്.ഇബി. സർക്കാരിന്റെ അനുമതി തേടിയിരുന്നോ; എങ്കിൽ അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; കൂടിയ വിലയ്ക്ക് പുനഃസ്ഥാപിച്ച കരാറുകളിൽ സംസ്ഥാനത്തിന് വേണ്ടി ഒപ്പുവെച്ചത് ആരൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ; | (ഡി) | ഇല്ല, |
| (ഇ) | പഴയ കരാർ റദ്ദാക്കുന്നതിനുള്ള അന്തിമാനുമതി നൽകിയത് ആരാണ്; കരാർ റദ്ദാക്കണമെന്ന നിർദ്ദേശം മുന്നോട്ടുവെച്ച ഉദ്യോഗസ്ഥരുടെയും അതിന് അംഗീകാരം നൽകിയ ഉദ്യോഗസ്ഥരുടെയും | (ഇ) | കരാർ റദ്ദാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | കമ്മീഷൻ അംഗങ്ങളുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ